അദ്ധ്യാപകർക്കു പരിശീലനം

*505 [537] ശ്രീ. വി. സുരേന്ദ്രൻപിള്ള:
,, സി. എഫ്. തോമസ്:
,, വി. വി. ജോസഫ്:
,, ടി. എസ്. ജോൺ: താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

എസ്. എസ്. എൽ. സി.ക്കു പുതിയ പരീക്ഷാ സമ്പ്രദായം ഏർപ്പെടുത്തുന്നതിനു മുമ്പ് അദ്ധ്യാപകർക്ക് അതിനനുസൃതമായ പരിശീലനം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

വിദ്യാഭ്യാസ വകുപ്പു മന്ത്രി (ശ്രീ. ടി. എം. ജേക്കബ്):

പുതിയ പരീക്ഷാ സമ്പ്രദായത്തിൽ അദ്ധ്യാപകർക്ക് അപരിചിതമായ യാതൊന്നും ഉൾപ്പെടുത്തിയിട്ടില്ല. ചോദ്യ മാതൃകയിൽ കാര്യമായ വ്യതിയാനങ്ങളും ഒന്നും തന്നെ വരുത്തിയിട്ടുമില്ല. ആയതിനാൽ അദ്ധ്യാപകർക്ക് പുതിയ മാതൃകാ ചോദ്യരീതിയെ സംബന്ധിച്ച് പ്രത്യേക പരിശീലനം ആവശ്യമാണെന്നു തോന്നുന്നില്ല.

ലീഗൽ എയിഡ് ടു ദി പുവർ എന്ന പദ്ധതിയിലേക്കുള്ള അഭിഭാഷകരുടെ നിയമനം

*506 [538] ശ്രീ. എസ്. ആർ. തങ്കരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാധുക്കളായുള്ളവരുടെ കേസുകൾക്ക് സൗജന്യ നിയമ സഹായം നൽകുന്നതിന് നിയോഗിച്ചിട്ടുള്ള അഭിഭാഷകരുടെ കാലാവധി എന്ന് അവസാനിക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) അടുത്ത ബാച്ച് എടുക്കുമ്പോൾ ഒരു കോടതിക്ക് ഒരാൾ എന്ന നിലയിൽ എടുക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ;

(സി) ഈ പദ്ധതിയിലേക്ക് അഭിഭാഷകരെ നിയമിക്കുമ്പോൾ സംവരണതത്വം പാലിക്കാറുണ്ടോ;

(ഡി) ഈ പദ്ധതി അനുസരിച്ച് അഭിഭാഷകരുടെ സഹായം ലഭിക്കുന്നതിന് വേണ്ട വരുമാന പരിധി എത്രയാണെന്ന് വ്യക്തമാക്കുമോ;

(ഇ) തഹസിൽദാർമാരുടെ സർട്ടിഫിക്കറ്റ് ഈ ആവശ്യത്തിന് കിട്ടാൻ കാലതാമസമുണ്ടാകുന്നതിനാൽ റേഷൻ കാർഡിലെ വരുമാനം ഗൈഡ്‌ലൈൻ ആയി എടുക്കാൻവേണ്ട നടപടി സ്വീകരിക്കുമോ?

നിയമവും ജലസേചനവും വകുപ്പു മന്ത്രി (ശ്രീ. കെ. എം. മാണി):

(എ) സാധുക്കളായുള്ളവരുടെ കേസുകൾക്ക് സൗജന്യ നിയമ സഹായം നൽകുന്നതിന് ആകെ അനുവദിച്ചിട്ടുള്ള 122 പബ്ലിക് കൗൺസലുകളുടെ തസ്തികകളിൽ ആറെണ്ണം ഒഴിഞ്ഞു കിടക്കുകയാണ്. ബാക്കിയുള്ള 116 പബ്ലിക് കൗൺസലുകളുടെ കാലാവധി അവസാനിക്കുന്നത് വിവിധ തീയതികളിലാണ്. 57 പബ്ലിക് കൗൺസലുകളുടെ കാലാവധി 1-12-1986 മുതൽ 30-10-1989 വരെയുള്ള കാലയളവിൽ തീരുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly